**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 437** **08-06-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടായിരുന്നുയെന്ന് വ്യക്തമാക്കാമോ; | (എ) | 2016 ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും അപേക്ഷകർ Missed Call നൽകുമ്പോൾ കെ.എസ്.ഇ.ബി യുടെ "Customer Care Centre"ലെ ജീവനക്കാർ ഉപഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയും ഉപഭോക്താക്കൾക്ക് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകി. എല്ലാത്തിനും പുറമേ ജീവനക്കാർ വീടുവീടാന്തരം കയറിയിറങ്ങിയും രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താക്കളെ കണ്ടെത്തുകയും അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റു വിവരങ്ങൾ ശേഖരിക്കുന്നതിനുമായി Web Portal രൂപീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം 1.51 ലക്ഷത്തോളം ഉപഭോക്താക്കളെ കണ്ടെത്തുകയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി എത്തിയ്ക്കുകയും ചെയ്തു. |
| (ബി) | 2016-2021 കാലഘട്ടത്തിൽ പുതുതായി എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | 2016-2021 കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു. |
| (സി) | നിലവിൽ സംസ്ഥാനത്തു വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) | വയറിംഗ് പൂർത്തീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചു കൊണ്ട് കെ.എസ്ഇ.ബി.എൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു. എന്നാൽ വയറിങ് പൂർത്തീകരിക്കാത്തതോ വയറിങ് പൂർത്തീകരിച്ചിട്ടും |

| | | | |
|---|---|---|---|
| | | | വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീട്ടുകളുടെ എണ്ണം കെ.എസ്ഇ.ബി-യിൽ ലഭ്യമല്ല. sd/- സെക്ഷൻ ഓഫീസർ |

സെക്ഷൻ ഓഫീസർ